**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2809** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വന്യമൃഗ ആക്രമണ പ്രതിരോധ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗശല്യം രൂക്ഷമായ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വനമേഖലകളിൽ ഫെൻസിംഗും മറ്റ് പ്രതിരോധ നടപടികളും പൂർത്തീകരിക്കാത്ത ഭാഗങ്ങളിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (എ) | വന്യമൃഗശല്യം രൂക്ഷമായ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വനമേഖലകളിൽ ഫെൻസിംഗും മറ്റ് പ്രതിരോധ നടപടികളും പൂർത്തീകരിക്കാത്ത ഭാഗങ്ങളിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഫെൻസിങ്ങില്ലാത്ത പേരട്ട മുതൽ കൂട്ടുപുഴ വരെ 1.2 കി.മീ. സോളാർ ഫെൻസിങ്ങിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പയ്യാവൂർ പഞ്ചായത്തിന്റെ വനാതിർത്തികളിൽ ഹാങ്ങിംഗ് സോളാർ ഫെൻസ് സ്ഥാപിക്കുന്നതിന് ത്രിതല പഞ്ചായത്തിന്റെ ഫണ്ടോട് കൂടി പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വന്യമൃഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമോ എന്നറിയിക്കുമോ; | (ബി) | ദീർഘകാല പദ്ധതികൾ നടപ്പിലാക്കുവാനുള്ള നടപടികൾ പരിശോധിച്ച് സ്വീകരിക്കുന്നതാണ്. |
| (സി) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിന് 05.04.2018-ലെ സ.ഉ. (കൈ) നം.17/2018/വനം എന്ന ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ നഷ്ടപരിഹാരമായി വനം വകുപ്പ് നൽകി വരുന്നുണ്ട്. ഈ ഉത്തരവ് പ്രകാരം വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയുമാണ് നൽകിവരുന്നത്. നിലവിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ